**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 594** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>അസിസ്റ്റന്റ് രജിസ്ട്രാർ തസ്തികയിലെ പൊതുസ്ഥലംമാറ്റം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. യു. ആർ. പ്രദീപ് ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് സഹകരണ വകുപ്പിൽ എത്ര അസിസ്റ്റന്റ് രജിസ്ട്രാർ, അസിസ്റ്റന്റ് ഡയറക്ടർ തസ്തികകൾ നിലവിലുണ്ട്;

**<u>മറുപടി:</u>** സഹകരണ വകുപ്പിൽ 203 സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ തസ്തികകളും 268 സഹകരണ ഓഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർ തസ്തികകളും നിലവിലുണ്ട്.

**(ബി)** പ്രസ്തുത തസ്തികകളിലെ പൊതുസ്ഥലംമാറ്റം ഓൺലൈൻ ആയിട്ടാണോ നടന്നുവന്നിരുന്നത്;

**<u>മറുപടി:</u>** പൊതുസ്ഥലം മാറ്റം ഓൺലൈൻ ആയിട്ടും ഭരണപരമായ സൗകര്യം കണക്കിലെടുത്തുള്ള സ്ഥലം മാറ്റവും ആണ് നടന്ന് വന്നിരുന്നത്.

**(സി)** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ഏത്ര അസിസ്റ്റന്റ് രജിസ്ട്രാർമാരെ സ്ഥലംമാറ്റി നിയമിച്ചിട്ടുണ്ട്; ഓരോരുത്തരുടെയും അപേക്ഷ പ്രകാരമാണോ സ്ഥലംമാറ്റി നിയമിച്ചിട്ടുള്ളത്;

**<u>മറുപടി:</u>** 314, ഭരണപരമായ സൗകര്യം കണക്കിലെടുത്താണ് സ്ഥലം മാറ്റി നിയമിച്ചിട്ടുള്ളത്.

**(ഡി)** സ്ഥലംമാറ്റ നടപടിക്രമങ്ങൾ സുതാര്യമായി നടത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

**<u>മറുപടി:</u>** സ്ഥലം മാറ്റ നടപടികൾ സുതാര്യമായി നടത്തുവാൻ സഹകരണ വകുപ്പിൽ ഓൺലൈൻ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**